പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 282 — 28.11.2018 ൽ മറുപടിക്ക്

## മങ്കട മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം മിഷന്റെ ഭാഗമായി ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് മങ്കട സി.എച്ച്.സി.യിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | ബ്ലോക്ക് തല സി.എച്ച്.സി-കളെ നിലവിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും മങ്കട സി.എച്ച്. സി-യിൽ ബ്ലോക്ക് പഞ്ചായത്ത് മുഖേന ഒരു ഡോക്ടറെ നിയമിച്ച് ഈവെനിംഗ് ഒ.പി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ആർദ്രം പദ്ധതിയിലൂടെ മങ്കട നിയോജക മണ്ഡലത്തിലെ എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്; ആയതിന്റെ ഭാഗമായി എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാൻ സാധിച്ചിട്ടുണ്ട്; | (ബി) | മങ്കട നിയോജകമണ്ഡലത്തിലെ പാങ്ങ് പി.എച്ച്.സി-യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. |
| (സി) | മങ്കട നിയോജക മണ്ഡലത്തിലെ ആരോഗ്യ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ വികസനപ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട നിയോജകമണ്ഡലത്തിലെ പാങ്ങ് പി.എച്ച്.സി-യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, 2018-19 വർഷത്തിൽ അങ്ങാടിപ്പുറം, ചെമ്മലശ്ശേരി, കൂട്ടിലങ്ങാടി, പുഴക്കാട്ടിരി, മൂർക്കനാട് എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ